തിരുവനന്തപുരം കരിമഠം കോളനിയിൽ അമേരിക്കയ്ക്കുവേണ്ടി നടത്തിയ സെൻസസ്

12 (285) ശ്രീ പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കരിമഠം കോളനിയിൽ അമേരിക്കയെക്കു വേണ്ടി പ്രത്യേക സെൻസസ് നടത്തിയിട്ടുണ്ടോ;

(ബി) ഇതിന്മേൽ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് പ്രതികൾ; ഏതെല്ലാം വകുപ്പിലാണ് കേസ് എടുത്തിരിക്കുന്നത്; എഫ്.ഐ.ആർ. കോപ്പി ലഭ്യമാക്കുമോ;

(സി) അമേരിക്കയ്ക്കുവേണ്ടി സെൻസസ് എടുക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കേസെടുത്തതിന്റെ നിയമപ്രാബല്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെൻസസ് നടത്തിയിട്ടില്ല. എന്നാൽ കൊച്ചിയിലെ TNS India Limited എന്ന കമ്പനിയുടെ പേരിൽ അവരുടെ ജോലിക്കാരായ ചില വ്യക്തികൾ മുഖാന്തരം ചോദ്യാവലി നൽകി സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) മത സ്പർദ്ധ വളർത്തുന്ന തരത്തിൽ ചോദ്യാവലി തയ്യാറാക്കി സർവ്വേ നടത്തിയതിലേക്ക് ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1041/2010 u/s 153 (B) & 34 IPC പ്രകാരം കൊച്ചിയിൽ പ്രവർത്തിച്ചുവരുന്ന TNS INDIA Limited എന്ന കമ്പനിയെ ഒന്നാം പ്രതിയാക്കിയും ടി കമ്പനി സർവ്വേ നടത്താൻ നിയോഗിച്ചിരുന്ന സോണിയ സേവ്യർ, ടെൽമാ ജോൺ, മീനാസ്റ്റാൻലി, സിമിത്ത് എന്നിവരെ തുടർന്നുള്ള പ്രതികളാക്കിയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഫ്.ഐ.ആർ-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്നകാര്യം സംസ്ഥാന സർക്കാരിന് അറിയില്ല. എന്നാൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മനുഷ്യക്കടത്ത് നടത്തുന്ന ഉദ്യോഗസ്ഥർ

13 (286) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ. ടി. ടി. ഇ. ബന്ധമുള്ളവരെ വിദേശത്തേക്ക് കടത്താൻ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള വൻ ശൃംഖല പ്രവർത്തിക്കുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly